"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. യമുന പി. രാജ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.239/2024/WCDD തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം.223/2023/വശിവിവ, തീയതി. 03/05/2023

2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 15/05/2024-ലെ കത്ത് നം. A3/1051/2023/KWC

**<u>ഉത്തരവ്</u>**

കേരള ഹൈക്കോടതിയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയി സേവനമനുഷ്ഠിച്ചു വരവെ, ശ്രീമതി. യമുന പി. രാജ്-നെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തന്റെ അന്യത്രസേവന കാലാവധി 31/05/2024-ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ, അദ്ദേഹത്തിന്റെ മാതൃവകുപ്പിന്റെ നിരാക്ഷേപപത്രം സഹിതം ശിപാർശ ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറി സർക്കാർ അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, കേരള വനിതാ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന കേരള ഹൈക്കോടതിയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി. യമുന പി. രാജ്-ന്റെ അന്യത്രസേവന കാലാവധി കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച്, അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി 01/06/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (08/05/2024-ലെ കത്ത് നം.

HCKL/2105/2024-A6 പ്രകാരം)

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി. യമുന പി. രാജ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II, കേരള വനിതാ കമ്മീഷൻ

(മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖാന്തിരം)

വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 18-07-2024 12:17:04